# ബൈബിൾ കാലഗണനം


ADAM 0 930 930
SETH 130 912 1042
ENOS 235 905 1140
CANNAN 325 910 1235
MAHALEEL 395 895 1290
JARED 460 962 1422
ENOCH 622 365 987
METHUSELAH 687 969 1656
LAMECH 874 777 1651
NOAH 1056 950 2006
SHEM 1558 600 2158
ARPHAXAD 1658 438 2096
SALAH 1693 433 2126
EBER 1723 464 2187
PELEG 1757 239 1996
REU 1787 239 2026
SERUG 1819 230 2049
NAHOR 1849 148 1997
TERAH 1878 205 2083
ABRAHAM 2008 175 2183
DATE OF FLOOD
The Genealogy of Abraham
Abraham
Hagar
Sarah
Keturah
Isaac
Rebekah
Ishmael
Ishmaelites
Jacob
Israelites
Esau
Edomites
Nebaioth
Kedar
Adbeel
Mibsam
Mishma
Dumah
Massa
Hadad
Temur
Jetur
Naphish
Kedemah
Ruben
Simeon
Levi
Judah
Dan
Napthali
Gad
Asher
Issachar
Zebulun
Dinah
Joseph
Benjamin
Born to Leah
Leah's servant Zilpah
Rachel's servant Bilhah
Rachel
Joseph
Menasseh
Ephrain
Zimran
Jokshan
Medan
Midian
Ishbak
Shuah
Sheba
Dedan
Asshurites
Leummites
Letushites
Ephar
Epher
Hanoch
Abida
Eldaah

# ബൈബിൾ കാലഗണനം

ബൈബിളിലെ കാലഗണനം അത്രയ്ക്ക് വൈഷമ്യമുള്ള ഒരു വിഷയമല്ല. യേശുക്രിസ്തുവിന്റെ ക്രൂശുമരണവും; ശൗൽ, ദാവീദ്, ശലോമോൻ തുടങ്ങിയവരുടെ ഭരണകാലവും, യെഹൂദായിസ്രായേൽ രാജാക്കന്മാരുടെ കാലവും, യിസ്രായേൽ ജനതയുടെ പ്രവാസകാലവും ചരിത്രത്തിലും ബൈബിളിലുമുണ്ട്. ആദാം മുതൽ യിസ്ഹാക്ക് വരെയുള്ളവർ അനന്തരഗാമിയെ ജനിപ്പിക്കുന്ന പ്രായവും, ന്യായാധിപന്മാരുടെ കാലവും ബൈബിളിലുണ്ട്. ഇത് രണ്ടും ചേർത്തുകൊണ്ട് കാലം കണക്കുകൂട്ടാൻ പ്രയാസമില്ല. എന്നാൽ ബൈബിൾ കാലഗണനം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് സൃഷ്ടിപ്പിന്റെ കാലമല്ല: ആദാമിനു വയസ്സ് തുടങ്ങിയ കാല ം അഥവാ പാപത്തിൽ വിണ കാലമാണ് കണ്ടെത്താൻ ശ്രമിക്കുന്നത്. സൃഷ്ടിപ്പിന്റെ കാലം നാല്പതിലധികം പണ്ഡിതന്മാർ കണ്ടെത്തിയിട്ടുണ്ട്. (പണ്ഡിതന്മാരുടെ കണക്കുകൾ 'ഇത്രവലിയ രക്ഷ' എന്ന പുസ്തകത്തിൽ ചേർത്തിട്ടുണ്ട്). അവർ എന്തു മനദണ്ഡമാണ് അതിനുപയോഗിച്ചതെന്ന് അറിയില്ല. എന്തായാലും, ഒരോരുത്തരുടെയും കണക്കുൾ പരസ്പര വിരുദ്ധമാണ്. നിഷ്പാപയുഗം എത്ര വർഷമാണെന്ന് കണ്ടെത്താതെ ആദാമിനെ ദൈവം സൃഷ്ടിച്ചത് എപ്പോഴാണെന്ന് എങ്ങനെ കണ്ടെത്താൻ കഴിയും? എന്ന ചോദ്യവും അവശേഷിക്കുന്നു.

## നിഷ്പാപയുഗം

ദൈവം ആദാമിനെ സൃഷ്ടിച്ചതു മുതലാണ് കാലം കണക്കാക്കുന്നതെങ്കിൽ, ആദാം പാപിയായിട്ടാണ് സൃഷ്ടി

ക്കപ്പെട്ടതെന്നുവരും. അങ്ങനെ വരുമ്പോൾ സൃഷ്ടിതാവും പാപിയെന്നേ വരു. അല്ലെങ്കിൽ, പരമപരിശുദ്ധനായ ദൈവത്തിന്റെ സൃഷ്ടികളിലൊന്നും പാപത്തിന്റെ ലാഞ്ചനപോലും ഉണ്ടാകാൻ പാടില്ല. അങ്ങനെവരുമ്പോൾ, ദൈവം ആദാമിനെ സൃഷ്ടിക്കുന്നതിനും ആദാം പാപം ചെയ്യുന്നതിനുമിടയിൽ ഒരു ഇടവേള ഉണ്ടായിട്ടുണ്ട്; ഇതിനെയാണ് നിഷ്പാപയുഗം അഥവാ നിഷ്ക്കന്മഷയുഗം എന്നൊക്കെ പറയുന്നത്. സൃഷ്ടിയിങ്കൽ എല്ലാം 'നല്ലതു' 'നല്ലതു' എന്നു കണ്ട ദൈവം, തന്റെ സൃഷ്ടി പൂർത്തിയായ ശേഷം 'താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും നല്ലതു എന്നു കണ്ടു' (ഉല്പ, 1:31) എന്നാണ് എഴുതിയിരിക്കുന്നത്. അനന്തരം ദൈവകല്പന ലംഘിച്ച് പാപം ചെയ്ത (2:17) മനുഷ്യനോടു കല്പിച്ചതോ: നീ നിന്റെ ഭാര്യയുടെ വാക്കു അനുസരിക്കയും തിന്നരുതെന്നു ഞാൻ കല്പിച്ച വൃക്ഷഫലം തിന്നുകയും ചെയ്തതുകൊണ്ടു നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു' (ഉല്പ, 3:17) എന്നുമാണ്. ഈ വേദഭാഗങ്ങളിൽ നിന്ന് ആദാമിനൊരു നിഷ്പാപാവസ്ഥ ഉണ്ടായിരുന്നുവെന്ന് വ്യക്തമാണ്. അതെത്ര വർഷമായിരുന്നു എന്നു കണ്ടെത്താൻ നിലവിൽ മാർഗ്ഗമൊന്നുമില്ല. കാരണം, കാലമില്ലാത്ത കാലത്താണ് ആദാമിനെ ദൈവം സൃഷ്ടിക്കുന്നത്. അതുകൊണ്ടുതന്നെ മാനുഷിക കണക്കുകൾ പ്രായോഗികമല്ല. ഇനി ദൈവത്തിന്റെ കണക്കിലാണെങ്കിൽ (സങ്കീ, 90:4) ആദാം ഒരുവർഷം നിഷ്പാപാവസ്ഥയിൽ ജീവിച്ചിരുന്നു എന്നു പറഞ്ഞാൽത്തന്നെ, അത് ഇരുപത്തൊന്നു ലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി അഞ്ചൂറു വർഷം (2,191,500) എന്നു വരും.

തൽമൂദിൽ പറഞ്ഞിരിക്കുന്നത്; 'ആദാമിന്റെ നിഷ്പാ

പാവസ്ഥ പന്ത്രണ്ട് മണിക്കൂറായിരുന്നു' എന്നാണ്. അത് ചുവടെ ചേർക്കുന്നു: "ഒന്നാം മണിക്കൂറിൽ, പൊടി ശേഖരിച്ചു; രണ്ടാം മണിക്കൂറിൽ, ആകൃതിയില്ലാത്ത പിണ്ഡമാക്കി; മൂന്നാം മണിക്കൂറിൽ, അവയവങ്ങൾ രൂപപ്പെടുത്തി; നാലാം മണിക്കൂറിൽ, ആത്മാവ് അവനിൽ പകർന്നു; അഞ്ചാം മണിക്കൂറിൽ, അവൻ സ്വന്തം കാലിൽ എഴുന്നേറ്റു നിന്നു; ആറാം മണിക്കൂറിൽ, അവൻ ജീവികൾക്ക് പേരിട്ടു; ഏഴാം മണിക്കൂറിൽ, ഹവ്വായെ വിവാഹം ചെയ്തു; എട്ടാം മണിക്കൂറിൽ, അവർക്ക് രണ്ടു കുട്ടികൾ ജനിച്ചു; ഒമ്പതാം മണിക്കൂറിൽ, വൃക്ഷഫലം തിന്നരുതെന്ന് കല്പിച്ചു; പത്താം മണിക്കൂറിൽ, പാപം ചെയ്തു; പതിനൊന്നാം മണിക്കൂറിൽ, അവൻ ന്യായം വിധിക്കപ്പെട്ടു; പന്ത്രണ്ടാം മണിക്കൂറിൽ, ഏദെനിൽ നിന്നു് പുറത്താക്കപ്പെട്ടു." (Sanhedrin, 38b: 3-7). തൽമൂദിന്റെ ഈ കണ്ടെത്തൽ ബുദ്ധിയുള്ള ആർക്കും അംഗീകരിക്കാൻ കഴിയില്ല; കാരണം, ഈ കണക്ക് ഇതിൽത്തന്നെ തെറ്റാണ്. ആദാമിന്റെ പാപരഹിത അവസ്ഥ പന്ത്രണ്ട് മണിക്കൂർ എന്നു പറയുമ്പോൾത്തന്നെ, അഞ്ചാം മണിക്കൂറിൽ നിവർന്നുനിന്ന ആദാം പത്താം മണിക്കൂറിൽ പാപത്തിൽ വീഴുകയാണ്. തന്മൂലം ആദാമിന്റെ നിഷ്പാപാവസ്ഥ കേവലം അഞ്ചു മണിക്കൂർ മാത്രമാണ്. കൂടാതെ, ഏഴാം മണിക്കൂറിൽ വിവാഹം കഴിഞ്ഞ അവർക്ക്, എട്ടാം മണിക്കൂറിൽ രണ്ട് കുട്ടികൾ എങ്ങനെ ജനിക്കും? ഇത് ഏതു കണക്കിൽപ്പെടുത്തും; ദൈവത്തിന്റെ കണക്കിലോ, മനുഷ്യന്റെ കണക്കിലോ? യെഹൂദന്റെ ഈ കണ്ടെത്തൽ ആലങ്കാരിക അർത്ഥത്തിൽ അല്ലാതെ, അക്ഷരികമോ ആത്മികമോ ആയ അർത്ഥത്തിൽ മനസ്സിലാക്കാൻ കഴിയില്ല.

ഇനി നമുക്കു ബൈബിൾ പിശോധിക്കാം: ആദ്യത്തെ അഞ്ചു ദിവസത്തെ സൃഷ്ടികളെ നോക്കി 'നല്ലതു' എന്നു കണ്ട ദൈവം, ആറാംദിവസം മനുഷ്യനെ സൃഷ്ടിച്ചശേഷം; 'അതു എത്രയും നല്ലതു' എന്നു കാണുകയാണ് ചെയ്തത്. "താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും നല്ലതു എന്നു കണ്ടു. സന്ധ്യയായി ഉഷസ്സുമായി, ആറാം ദിവസം." (ഉല്പ, 1:31). ഉല്പത്തി ഒന്നാമദ്ധ്യായത്തിൽ ആറു ദിവസത്തെ ദൈവത്തിന്റെ സൃഷ്ടി എത്രയും ശുഭമായി പര്യവസാനിച്ചു എന്നു കാണാവുന്നതാണ്. രണ്ടാമദ്ധ്യായത്തിൽ കാണുന്നത്; തന്റെ പ്രവൃത്തികളൊക്കെ പൂർത്തിയാക്കി ചാരിതാർത്ഥ്യത്തോടെ വിശ്രമിക്കുകയും, ഏഴാം ദിവസത്തെ ശുദ്ധീകരിച്ചു അനുഗ്രഹിക്കുകയും ചെയ്യുന്ന ദൈവത്തെയാണ്. (ഉല്പ, 2:1-3). യെഹൂദന്റെ സമയം ആരംഭിക്കുന്നത് വൈകിട്ട് ആറുമണി മുതലാണ്. തല്മൂദ്പ്രകാരം ആറാം ദിവസം വൈകുന്നേരം നാലു മണിക്ക് ആദാം പാപം ചെയ്തു. ഈ കണക്കെങ്ങനെ ശരിയാകും? സൃഷ്ടിയുടെ മകുടമായി ആറാംദിവസം താൻ നിർമ്മിച്ച മനുഷ്യൻ മുഖാന്തരം തന്റെ സകല സൃഷ്ടികളും ശാപത്തിൻ കീഴിലാകുമ്പോൾ, അന്നേദിവസത്തെ എത്രയും നല്ലതെന്ന് ഏതു സൃഷ്ടിതാവിന് പറയാൻ കഴിയും? സൃഷ്ടികളോട് ഉത്തരവാദിത്വവും കരുണയുമുള്ള ദൈവത്തിന് ഏഴാംദിവസം സ്വസ്ഥനായിരിക്കാൻ സാധിക്കുമോ? ആ ദിവസത്തെ പിന്നെ എന്തിന് ശുദ്ധികരിച്ചനുഗ്രഹിക്കണം? തന്മൂലം ഏഴാംദിവസത്തിനു ശേഷമാണ് ആദാം പാപത്തിൽ വീണതെന്നു സ്പഷ്ടം. കൂടാതെ, പാപം ചെയ്തു തോട്ടത്തിൽ നിന്ന് പുറത്തായ ശേഷമാണ് അവർക്ക് മക്കൾ ജനിക്കുന്നതെന്നും ബൈബിളിൽ വ്യക്തമാണ്. ഇതിൽ

ത്തന്നേ യെഹൂദന്റെ കണക്കു തെറ്റാണെന്നു തെളിയും. മാത്രമല്ല തല്മൂദ് ദൈവനിശ്വസ്ത ഗ്രന്ഥമല്ല. എസ്രായുടെ കാലം മുതൽ എ.ഡി. ആറാം നൂറ്റാണ്ടുവരെ ഉദ്ദേശം ആയിരം വർഷത്തിനിടയ്ക്ക് രൂപംകൊണ്ട വ്യഖ്യാനങ്ങളും ചട്ടങ്ങളും സുഭാഷിതങ്ങളുമാണ് അതിലുള്ളത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൻ; യെഹൂദന്മാരുടെ വർഷങ്ങളായുള്ള ജ്ഞാനവചനങ്ങളുടെ ശേഖരം മാത്രമാണ് തല്മൂദ്. എബ്രായ ബൈബിൾ പ്രകാരംതന്നെ ആദാമിന്റെ വീഴ്ച ബി. സി. 4200-ന് മുമ്പാണ്. എന്നിട്ടും അവർക്ക് ബി.സി.യിൽ 3760 വർഷമാണുള്ളത്. ഇതൊക്കെ പരിഗണിച്ചുകൊണ്ട് നിഷ്പാപ യുഗത്തെക്കുറിച്ചുള്ള അവരുടെ കണക്ക് നിരുപാധികം തള്ളിക്കളയാവുന്നതാണ്.

## പൂർവ്വ പിതാക്കന്മാരുടെ പ്രായം

പൂർവ്വ പിതാക്കന്മാരുടെ ആകെ പ്രായവും, അനന്തരഗാമിയെ ജനിപ്പിക്കുന്ന പ്രായവും ബൈബിളിലുണ്ട്. അതുകൊണ്ട് കാലഗണനം എളുപ്പമാണ്. എന്നാൽ ദുർഗ്രഹമായ മറ്റൊരു വിഷയമുണ്ട്; എബ്രായ ബൈബിളിലും, ഗ്രീക്ക് സെപ്റ്റ്വജിന്റിലും, ശമര്യൻ പഞ്ചഗ്രന്ഥത്തിലും വ്യത്യസ്ഥ കണക്കുകളാണ്. എബ്രായ ബൈബിൾ പ്രകാരം ആദാം മുതൽ യിസ്ഹാക്ക് വരെ തലമുറകളെ ജനിപ്പിച്ചു പ്രായം 2106 വർഷവും, സെപ്റ്റ്വജിന്റ് പ്രകാരം 3572 വർഷവും, ശമര്യൻ പഞ്ചഗ്രന്ഥം പ്രകാരം 2507 വർഷവു മാണ്.

**ആദം മുതൽ യിസ്ഹാക്ക് വരെ 22 പേർ**
**അനന്തരഗാമിയെ ജനിപ്പിക്കുന്ന പ്രായവും, ശിഷ്ടായുസ്സും, ആകെ വയസ്സും പട്ടികയായി ചുവടെ ചേർക്കുന്നു:**

# സത്യവേദപുസ്തകം (എബ്രായ ബൈബിൾ)

| തലമുറ ജനിക്കുന്ന പ്രായം | | ശിഷ്ടായുസ്സ് | ആകെ വയസ്സ് | |
|---|---|---|---|---|
| ആദാം | 130 | 800 | 930 | ഉല്പ, 5:3-4 |
| ശേത്ത് | 105 | 807 | 912 | ഉല്പ, 5:6-8 |
| എനോശ് | 90 | 815 | 905 | ഉല്പ, 5:9-11 |
| കേനാൻ | 70 | 840 | 910 | ഉല്പ, 5:12-14 |
| മഹലലേൽ | 65 | 830 | 895 | ഉല്പ, 5:15-17 |
| യാരെദ് | 162 | 800 | 962 | ഉല്പ, 5:18-20 |
| ഹാനോക്ക് | 65 | 300 | 365 | ഉല്പ, 5:21-23 |
| മെഥൂശലഹ് | 187 | 782 | 969 | ഉല്പ, 5:25-27 |
| ലാമെക്ക് | 182 | 595 | 777 | ഉല്പ, 5:28-31 |
| നോഹ | 500 | 450 | 950 | ഉ, 5:31,9:28,29 |
| ശേം | 100 | 500 | 600 | ഉല്പ, 11:10-11 |
| അർപ്പക്ഷാദ് | 35 | 403 | 438 | ഉല്പ, 11:12-13 |
| കയിനാൻ | ------ | ------ | ------ | ------------------ |
| ശാലഹ് | 30 | 403 | 433 | ഉല്പ, 11:14-15 |
| ഏബെർ | 34 | 430 | 464 | ഉല്പ, 11:16-17 |
| പേലെഗ് | 30 | 209 | 239 | ഉല്പ, 11:18-19 |
| രെയൂ | 32 | 207 | 239 | ഉല്പ, 11:20-21 |
| ശെരൂഗ് | 30 | 200 | 230 | ഉല്പ, 11:22-23 |

| | | | | |
|---|---|---|---|---|
| നാഹോർ | 29 | 119 | 148 | ഉല്പ, 11:24-25 |
| തേരഹ് | 70 | 135 | 205 | ഉല്പ, 11:26,32 |
| അബ്രാഹാം | 100 | 75 | 175 | ഉല്പ, 21:5, 25:7 |
| യിസ്ഹാക്ക് | 60 | 120 | 180 | ഉ, 25:26, 35:28 |
| ആകെ പ്രായം | 2106 | | | |

# സെപ്റ്റ്വജിന്റ് ബൈബിൾ (LXX)

| തലമുറ ജനിക്കുന്ന പ്രായം | | ശിഷ്ടായുസ്സ് | ആകെ വയസ്സ് | |
|---|---|---|---|---|
| ആദാം | 230 | 700 | 930 | ഉല്പ, 5:3-4 |
| ശേത്ത് | 205 | 707 | 912 | ഉല്പ, 5:6-8 |
| എനോശ് | 190 | 715 | 905 | ഉല്പ, 5:9-11 |
| കേനാൻ | 170 | 740 | 910 | ഉല്പ, 5:12-14 |
| മഹലലേൽ | 165 | 730 | 895 | ഉല്പ, 5:15-17 |
| യാരെദ് | 162 | 800 | 962 | ഉല്പ, 5:18-20 |
| ഹാനോക്ക് | 165 | 200 | 365 | ഉല്പ, 5:21-23 |
| മെഥൂശലഹ് | 167 | 802 | 969 | ഉല്പ, 5:25-27 |
| ലാമെക്ക് | 188 | 565 | 753 | ഉല്പ, 5:28-31 |
| നോഹ | 500 | 450 | 950 | ഉല്പ, 61,9:28,29 |
| ശേം | 100 | 500 | 600 | ഉല്പ, 11:10-11 |
| അർപ്പക്ഷാദ് | 135 | 400 | 535 | ഉല്പ, 11:12-13 |

| | | | | |
|---|---|---|---|---|
| കയിനാൻ | 130 | 330 | 460 | ഉല്പ, 11:13 |
| ശാലഹ് | 130 | 330 | 460 | ഉല്പ, 11:14-15 |
| ഏബെർ | 134 | 270 | 404 | ഉല്പ, 11:16-17 |
| പേലെഗ് | 130 | 209 | 339 | ഉല്പ, 11:18-19 |
| രെയൂ | 132 | 207 | 339 | ഉല്പ, 11:20-21 |
| ശെരൂഗ് | 130 | 200 | 330 | ഉല്പ, 11:22-23 |
| നാഹോർ | 179 | 125 | 304 | ഉല്പ, 11:24-25 |
| തേരഹ് | 70 | 135 | 205 | ഉല്പ, 11:26,32 |
| അബ്രാഹാം | 100 | 75 | 175 | ഉല്പ, 21:5, 25:7 |
| യിസ്ഹാക്ക് | 60 | 120 | 180 | ഉ, 25:26, 35:28 |
| ആകെ പ്രായം | 3572 | | | |

## ശമര്യൻ പഞ്ചഗ്രന്ഥം

| തലമുറ ജനിക്കുന്ന പ്രായം | | ശിഷ്ടായുസ്സ് | ആകെ വയസ്സ് | |
|---|---|---|---|---|
| ആദാം | 130 | 800 | 930 | ഉല്പ, 5:3-4 |
| ശേത്ത് | 105 | 807 | 912 | ഉല്പ, 5:6-8 |
| എനോശ് | 90 | 815 | 905 | ഉല്പ, 5:9-11 |
| കേനാൻ | 70 | 840 | 910 | ഉല്പ, 5:12-14 |
| മഹലലേൽ | 65 | 830 | 895 | ഉല്പ, 5:15-17 |
| യാരെദ് | 162 | 785 | 947 | ഉല്പ, 5:18-20 |

| | | | | |
|---|---|---|---|---|
| ഹാനോക്ക് | 65 | 300 | 365 | ഉല്പ, 5:21-23 |
| മെഥൂശലഹ് | 67 | 653 | 720 | ഉല്പ, 5:25-27 |
| ലാമെക്ക് | 53 | 600 | 653 | ഉല്പ, 5:28-31 |
| നോഹ | 500 | 450 | 950 | ഉ, 5:31,9:28,29 |
| ശേം | 100 | 500 | 600 | ഉല്പ, 11:10-11 |
| അർപ്പക്ഷാദ് | 135 | 303 | 438 | ഉല്പ, 11:12-13 |
| കയിനാൻ | ------ | ------ | ------ | ------------------ |
| ശാലഹ് | 130 | 303 | 433 | ഉല്പ, 11:14-15 |
| ഏബെർ | 134 | 270 | 404 | ഉല്പ, 11:16-17 |
| പേലെഗ് | 130 | 109 | 239 | ഉല്പ, 11:18-19 |
| രെയൂ | 132 | 107 | 239 | ഉല്പ, 11:20-21 |
| ശെരൂഗ് | 130 | 100 | 230 | ഉല്പ, 11:22-23 |
| നാഹോർ | 79 | 69 | 148 | ഉല്പ, 11:24-25 |
| തേരഹ് | 70 | 75 | 145 | ഉല്പ, 11:26,32 |
| അബ്രാഹാം | 100 | 75 | 175 | ഉല്പ, 21:5, 25:7 |
| യിസ്ഹാക്ക് | 60 | 120 | 180 | ഉ, 25:26, 35:28 |
| ആകെ പ്രായം | 2507 | | | |

# കാലനിർണ്ണയം

ബൈബിളിലും ചരിത്രത്തിലും വ്യക്തമായി തെളിവുള്ള

കാലഗണനമാണ് ഇവിടെ പ്രതിപാദിക്കുന്നത്; ഊഹാപോഹങ്ങൾ അല്ല. എബ്രായയിലും, സെപ്റ്റ്വജിന്റിലും, ശമര്യയിലുമുള്ള വ്യത്യാസങ്ങൾ ഒഴിച്ചു നിർത്തിയാൽ ഏറ്റം കൃത്യതയുള്ള കണക്കാണിത്. സത്യവേദപുസ്തകവും, കെ.ജെ.വി, എൻ.ഐ.വി തുടങ്ങിയ ഇംഗ്ലീഷ് പരിഭാഷകളും എബ്രായ ബൈബിൾ അടിസ്ഥാനമാക്കി ഉള്ളതാണ്. എന്നാൽ കാലനിർണ്ണയം ഏറ്റവും കൃത്യമായി തോന്നുന്നത് സെപ്റ്റ്വജിന്റ് പരിഭാഷയിലാണ്. അതിനുള്ള നാല് കാരണങ്ങൾ താഴെ കൊടുക്കുന്നു:

**1.** യേശുക്രിസ്തുവും അപ്പൊസ്തലന്മാരും ഉപയോഗിച്ചത് സെപ്റ്റ്വജിന്റ് ബൈബിളാണ്.  പുതിയനിയമ എഴുത്തുകാർ ഉദ്ധരണികൾ എടുത്തിരിക്കുന്നതും സെപ്റ്റ്വജിന്റിൽ നിന്നാണ്. യേശുക്രിസ്തു ഉപയോഗിച്ചതുകൊണ്ടും, അപ്പൊസ്തലന്മാർ പുതിയനിയമത്തിലേക്ക് ഉദ്ധരണികൾ എടുത്തിരിക്കകൊണ്ടും ഈ ബൈബിൾ കുറ്റമറ്റതാണെന്ന് തെളിയുന്നു.

**2.** വംശാവലിയിൽ അർഫക്സാദിന്റെ മകൻ കയിനാനെക്കുറിച്ച് ലൂക്കോസ് രേഖപ്പെടുത്തിയിട്ടുണ്ട്. അത് സെപ്റ്റ്വജിന്റിൽ അല്ലാതെ, എബ്രായ ബൈബിളിലോ ശമര്യൻ പഞ്ചഗ്രന്ഥത്തിലോ കാണുന്നില്ല.

**3.** അർഫക്സാദ് മുതൽ നാഹോർ വരെ എട്ടു തലമുറയാണ് ഉള്ളതെങ്കിലും, എബ്രായ ശമര്യ ബൈബിളുകളിൽ ഏഴു തലമുറയാണ് കാണുന്നത്; 'കയിനാനെ' കാണുന്നില്ല. മാത്രമല്ല ഈ ഏഴു തലമുറകളും അനന്തരാവകാശികളെ ജനിപ്പിക്കുന്ന പ്രായം എബ്രായ ബൈബിളിൽ ശരാശരി 31 വയസ്സും, ശമര്യ ബൈബിളിൽ 124 വയസ്സുമാണ്. ഇതും

സംശയാസ്പദമാണ്. കാരണം, ആദം മുതൽ ശേം വരെയുള്ളവർ അനന്തരാവകാശികളെ ജനിപ്പിക്കുന്ന പ്രായവുമായിട്ടോ, തേരഹ് മുതൽ യിസ്ഹാക്ക് വരെ അനന്തരാവകാശികളെ ജനിപ്പിക്കുന്ന പ്രായവുമായിട്ടോ ഇത് പൊരുത്തപ്പെടുന്നുമില്ല. ഉദാഹരണത്തിന് ആദാം മുതൽ ശേം വരെ പതിനൊന്ന് പേരാണുള്ളത്. അതിൽ യഹോവയുടെ കൃപ ലഭിച്ച നോഹയുടെ അഞ്ചൂറ് വയസ്സ് മാറ്റി നിർത്തിയാൽ പത്തുപേരും, അർപ്പക്ഷാദ് മുതൽ നാഹോർ വരെ എട്ടുപേരും, അബ്രാഹാം മുതൽ യിസ്ഹാക്ക് വരെ മൂന്നുപേരും തലമുറയെ ജനിപ്പിക്കുമ്പോഴുള്ള ശരാശരി പ്രായം യഥാക്രമം: എബ്രായയിൽ; 115 -- 31 -- 77-ഉം, ശമര്യയിൽ; 91 -- 124 -- 77-ഉം, സെപ്റ്റ്വജിന്റിൽ; 174 -- 138 -- 77-മാണ്. ഇതിൽ എബ്രായയിലും ശമര്യയിലും ആരോഹണ ക്രമത്തിലോ അവരോഹണ ക്രമത്തിലോ അല്ല. എന്നാൽ, സെപ്റ്റ്വജിന്റിലാകട്ടെ, പൂർവ്വപിതാക്കന്മാരുടെ പ്രായത്തിന് ആനുപാതികമായി അവരോഹണ ക്രമത്തിലാണ് കാണുന്നത്.

**4.** യോശുവയ്ക്ക് ശേഷം ശമൂവേൽ പ്രവാചകൻ വരെ 450 വർഷമെന്നാണ് കാണുന്നത്. (പ്രവൃ, 13:19). അതിൽ ന്യായാധിപന്മാരിൽ 410 വർഷമാണുള്ളത്. ജാതികളുടെ കീഴിൽ 114 വർഷത്തെ ഞെരുക്കവും, ഒത്നീയേൽ മുതൽ ശിംശോൻ വരെയുള്ള പതിനൊന്നു ന്യായാധിപന്മാരുടെ കീഴിൽ 296 വർഷത്തെ സ്വസ്ഥതയും. തുടർന്നു വരുന്ന ശമൂവേലിന്റെ ഒന്നാം പുസ്തകത്തിൽ, ഏലി 40 വർഷം ന്യായപാലനം ചെയ്തു എന്ന് എബ്രായ ബൈബിളിലും, 20 വർഷമെന്ന് സെപ്റ്റ്വജിന്റിലും കാണുന്നു. (1ശമൂ, 4:18). എന്നാൽ ശമൂവേൽ ബാലൻ യഹോവയ്ക്ക് ശുശ്രൂഷ തുട

ങ്ങുമ്പോൾ (1ശമൂ, 3:1) ഏലി 'കാണ്മാൻ വഹിയാതവണ്ണം അവന്റെ കണ്ണു മങ്ങിത്തുടങ്ങിയിരുന്നു' (1ശമൂ, 3:2) എന്നാണ് കാണുന്നത്. "ശമൂവേൽ ജീവപര്യന്തം യിസ്രായേലിന്നു ന്യായപാലനം ചെയ്തു" (1ശമൂ, 7:15) എന്നും കാണുന്നുണ്ട്. ഇതിൽനിന്ന് ഒരുകാര്യം വ്യക്തമാണ്; ശമൂവേൽ ഏലിക്കൊപ്പവും ഏലിക്ക് ശേഷവും യിസ്രായേലിന് ന്യായപാലനം ചെയ്തിട്ടുണ്ട്. എന്നാൽ എബ്രായ ബൈബിൾ പ്രകാരം നോക്കിയാൽ ശമൂവേലിന്റെ ന്യായപാലനകാലം കണക്കാക്കാൻ കഴിയില്ല. സെപ്റ്റ്വജിന്റ് ബൈബിൾ പ്രകാരം ശമൂവേൽ ഏലിക്കൊപ്പം 20 വർഷവും, തനിച്ച് 20 വർഷവും യിസ്രായേലിന് ന്യായപാലനം ചെയ്തതായി മനസ്സിലാക്കാം. അങ്ങനെ ആകെ 450 വർഷമെന്ന കണക്കും കൃത്യമാകും.

**മൂന്നു ബൈബിൾ പ്രകാരവുമുള്ള കാലനിർണ്ണയവും താഴെ ചേർത്തിരിക്കുന്നു:**

| സത്യവേദപുസ്തകം (എബ്രായ ബൈബിൾ) | ഗ്രീക്ക് സെപ്റ്റ്വജിന്റ് (LXX) | ശമര്യൻ പഞ്ചഗ്രന്ഥം (SP) |
|---|---|---|
| സൃഷ്ടി - ആദിയിൽ (ഉല്പത്തി, 1:1) | സൃഷ്ടി - ആദിയിൽ (ഉല്പത്തി, 1:1) | സൃഷ്ടി - ആദിയിൽ (ഉല്പത്തി, 1:1) |
| നിഷ്പാപയുഗം - അജ്ഞാതം (ഉല്പത്തി, 1:27-2:25) | നിഷ്പാപയുഗം - അജ്ഞാതം (ഉല്പത്തി, 1:27-2:25) | നിഷ്പാപയുഗം - അജ്ഞാതം (ഉല്പത്തി, 1:27-2:25) |
| (4275) ആദാമിന്റെ വീഴ്ച | (5706) ആദാമിന്റെ വീഴ്ച | (4776) ആദാമിന്റെ വീഴ്ച |
| (4145) | (5476) | (4646) |

| | | |
|---|---|---|
| | **ശേത്തിന്റെ ജനനം:** "ആദാമിനു ഇരുന്നൂറ്റിമുപ്പതു വയസ്സായാപ്പോൾ അവൻ തന്റെ സാദൃശ്യത്തിൽ തന്റെ സ്വരൂപപ്രകാരം ഒരു മകനെ ജനിപ്പിച്ചു; അവന്നു ശേത്ത് എന്നു പേരിട്ടു." (ഉല്പ, 5:3). | |
| **(4040)** | **(5271)**<br>**എനോശിന്റെ ജനനം:** "ശേത്തിന്നു ഇരുന്നൂറ്റഞ്ചു വയസ്സായപ്പോൾ അവൻ എനോശിനെ ജനിപ്പിച്ചു." (ഉല്പ, 5:6). | **(4541)** |
| **(3950)** | **(5081)**<br>**കേനാന്റെ ജനനം: "**എനോശിന്നു നൂറ്റിത്തൊണ്ണൂറു വയസ്സായപ്പോൾ അവൻ കേനാനെ ജനിപ്പിച്ചു**." (**ഉല്പ**,** 5:9). | **(4451)** |
| **(3880)** | **(4911)**<br>**മഹലലേലിന്റെ ജനനം:** "കേനാന്നു നൂറ്റെഴുപതു വയസ്സായപ്പോൾ അവൻ മഹലലേലിനെ ജനിപ്പിച്ചു." (ഉല്പ, 5:12). | **(4381)** |
| **(3815)** | **(4746)**<br>**യാരെദിന്റെ ജനനം:** "മഹലലേലിന്നു നൂറ്ററുപത്തഞ്ചു വയസ്സായപ്പോൾ അവൻ യാരെദിനെ ജനിപ്പിച്ചു." (ഉല്പ, 5:15). | **(4316)** |
| **(3653)** | **(4584)**<br>**ഹാനോക്കിന്റെ ജനനം:** "യാരെദിന്നു നൂറ്ററുപത്തിരണ്ടു വയസ്സായപ്പോൾ അവൻ ഹാനോക്കിനെ ജനിപ്പിച്ചു." (ഉല്പ, 5:18). | **(4154)** |

| | | |
|---|---|---|
| **(3588)** | **(4419)**<br><br>**മെഥൂശലഹിന്റെ ജനനം:** "ഹാനോക്കിന്നു നൂറ്ററുപത്ത ഞ്ചു വയസ്സായപ്പോൾ അവൻ മെഥൂശലഹിനെ ജനിപ്പിച്ചു." (ഉല്പ, 5:21). | **(4089)** |
| **(3401)** | **(4252)**<br><br>**ലാമേക്കിന്റെ ജനനം:** "മെഥൂശലഹിന്നു നൂററുപത്തേഴു വയസ്സായപ്പോൾ അവൻ ലാമേക്കിനെ ജനിപ്പിച്ചു." (ഉല്പ, 5:25). | **(4022)** |
| **(3219)** | **(4064)**<br><br>**നോഹയുടെ ജനനം:** "ലാമേക്കിന്നു നൂറ്റെൺപത്തെട്ടു വയസ്സായപ്പോൾ അവൻ ഒരു മകനെ ജനിപ്പിച്ചു. യഹോവ ശപിച്ച ഭൂമിയിൽ നമ്മുടെ പ്രവൃത്തിയിലും നമ്മുടെ കൈകളുടെ പ്രയത്നത്തിലും ഇവൻ നമ്മെ ആശ്വസിപ്പിക്കുമെന്നു പറഞ്ഞു അവന്നു നോഹ എന്നു പേർ ഇട്ടു." (ഉല്പ, 5:28-29). | **(3969)** |
| **(3717)** | **(3562)**<br><br>**ശേമിന്റെ ജനനം:** "നോഹെക്കു അഞ്ഞൂറു വയസ്സായശേഷം നോഹ ശേമിനെയും ഹാമിനെയും യാഫെത്തിനെയും ജനിപ്പിച്ചു." (ഉല്പ, 6:1). [നോഹയുടെ അഞ്ചൂറാം വർഷം തനിക്ക് മൂന്നു മക്കൾ ജനിച്ചു എന്നാണ് കാണുന്നത്. (ഉല്പ, 5:32). ജലപ്രളയം ഉണ്ടായപ്പോൾ നോഹയ്ക്ക് അറുന്നൂറ് വയസ്സാണ് പ്രായം. (ഉല്പ, 7:6). എന്നാൽ ജലപ്രളയത്തിനും രണ്ടു വർഷങ്ങൾക്കു ശേഷം അർപ്പക്ഷാദ് ജനിക്കുമ്പോൾ ശേമിനു നൂറു വയസ്സെന്നാണ് കാണു | **(3467)** |

| | | |
|---|---|---|
| | ന്നത്. (ഉല്പ, 11:10). തന്മൂലം നോഹയുടെ അഞ്ചൂറ്റിരണ്ടാം വയസ്സിൽ രണ്ടാമത്തെ പുത്രനായിട്ടാണ് ശേം ജനിച്ചതെന്ന് മനസ്സിലാക്കാം. പട്ടികയിൽ രണ്ടാമതുള്ള ഹാമിനെ ഇളയപുത്രൻ എന്ന് പറഞ്ഞിരിക്കുന്നതും നോക്കുക. (ഉല്പ, 9:24)] | |
| **(2619)** | **(3464)**<br><br>**ജലപ്രളയം:** "ഭൂമിയിൽ ജലപ്രളയം ഉണ്ടായപ്പോൾ നോഹെക്കു അറുനൂറു വയസ്സായിരുന്നു." (ഉല്പ, 7:6). | **(3369)** |
| **(2617)** | **(3462)**<br><br>**അർപ്പക്ഷാദിന്റെ ജനനം:** "ശേമിന്റെ വംശപാരമ്പര്യമാവിതു: ശേമിന്നു നൂറു വയസ്സായപ്പോൾ അവൻ ജലപ്രളയത്തിന്നു പിമ്പു രണ്ടു സംവത്സരം കഴിഞ്ഞശേഷം അർപ്പക്ഷാദിനെ ജനിപ്പിച്ചു." (ഉല്പ, 11:10). | **(3367)** |
| **(2582)** | **(3327)**<br><br>**കയിനാന്റെ ജനനം: "**അർപ്പക്ഷാദിന്നു നൂറ്റിമുപ്പത്തഞ്ചു വയസ്സായപ്പോൾ അവൻ കയിനാനെ ജനിപ്പിച്ചു**." (**ഉല്പ**, 11:12,** ലൂക്കോ**, 3:36).** | **(3232)** |
| **(2547)** | **(3197)**<br><br>**ശാലഹിന്റെ ജനനം:** "കയിനാന്നു നൂറ്റിമുപ്പതു വയസ്സായപ്പോൾ അവൻ ശാലഹിനെ ജനിപ്പിച്ചു." (ഉല്പ, 11:12). | **(3097)** |
| **(2517)** | **(3067)** | **(2967)** |

| | | |
|---|---|---|
| | **ഏബെറിന്റെ ജനനം:** "ശാലഹിന്നു നൂറ്റിമുപ്പതു വയസ്സായപ്പോൾ അവൻ ഏബെരിനെ ജനിപ്പിച്ചു." (ഉല്പ, 11:14). | |
| **(2483)** | **(2933)**<br><br>**പേലെഗിന്റെ ജനനം:** "ഏബെരിന്നു നൂറ്റിമുപ്പത്തിനാലു വയസ്സായപ്പോൾ അവൻ പേലെഗിനെ ജനിപ്പിച്ചു." (ഉല്പ, 11:16). | **(2833)** |
| **(2453)** | **(2803)**<br><br>**രെയൂവിന്റെ ജനനം:** "പേലെഗിന്നു നൂറ്റിമുപ്പതു വയസ്സായപ്പോൾ അവൻ രെയൂവിനെ ജനിപ്പിച്ചു." (ഉല്പ, 11:18). | **(2703)** |
| **(2421)** | **(2671)**<br><br>**ശെരൂഗിന്റെ ജനനം:** "രെയൂവിന്നു നൂറ്റിമുപ്പത്തിരണ്ടു വയസ്സായപ്പോൾ അവൻ ശെരൂഗിനെ ജനിപ്പിച്ചു." (ഉല്പ, 11:20). | **(2571)** |
| **(2391)** | **(2541)**<br><br>**നാഹോറിന്റെ ജനനം:** "ശെരൂഗിന്നു നൂറ്റിമുപ്പതു വയസ്സായപ്പോൾ അവൻ നാഹോരിനെ ജനിപ്പിച്ചു." (ഉല്പ, 11:22). | **(2441)** |
| **(2362)** | **(2362)**<br><br>**തേരഹിന്റെ ജനനം:** "നാഹോരിന്നു നൂറ്റെഴുപത്തൊമ്പതു വയസ്സായപ്പോൾ അവൻ തേരഹിനെ ജനിപ്പിച്ചു." (ഉല്പ, 11:24). | **(2362)** |
| **(2292)** | **(2292)** | **(2292)** |

| | | |
|---|---|---|
| | **അബ്രാഹാമിന്റെ ജനനം:** "തേരഹിന്നു എഴുപതു വയസ്സായപ്പോൾ അവൻ അബ്രാം, നാഹോർ, ഹാരാൻ എന്നിവരെ ജനിപ്പിച്ചു." (ഉല്പ, 11:26). | |
| **(2192)** | **(2192)**<br><br>**യിസ്ഹാക്കിന്റെ ജനനം:** "തന്റെ മകനായ യിസ്ഹാക് ജനിച്ചപ്പോൾ അബ്രാഹാമിന്നു നൂറു വയസ്സായിരുന്നു." (ഉല്പ, 21:5). | **(2192)** |
| **(2132)** | **(2132)**<br><br>**യാക്കോബിന്റെ ജനനം:** "പിന്നെ അവന്റെ സഹോദരൻ പുറത്തുവന്നു; അവന്റെ കൈ ഏശാവിന്റെ കുതികാൽ പിടിച്ചിരുന്നു; അവന്നു യാക്കോബ് എന്നു പേരിട്ടു. അവൾ അവരെ പ്രസവിച്ചപ്പോൾ യിസ്ഹാക്കിന്നു അറുപതു വയസ്സു ആയിരുന്നു. (ഉല്പ, 25:26). | **(2132)** |
| **(2002)** | **(2002)**<br><br>**മിസ്രയീമ്യവാസാരംഭം:** "യാക്കോബ് ഫറവോനോടു: എന്റെ പരദേശപ്രയാണത്തിന്റെ കാലം നൂറ്റിമുപ്പതു സംവത്സരം ആയിരിക്കുന്നു. എന്റെ ആയുഷ്കാലം ചുരുക്കവും കഷ്ടമുള്ളതും അത്രേ; എന്റെ പിതാക്കന്മാരുടെ പരദേശപ്രയാണമായ ആയുഷ്കാലത്തോളം എത്തീട്ടുമില്ല എന്നു പറഞ്ഞു." (ഉല്പ, 47:9). | **(2002)** |
| **(2002-1572)** | **(2002-1572)**<br><br>**മിസ്രയീമ്യദാസ്യത്തം:** "യിസ്രായേൽമക്കൾ മിസ്രയീമിൽ കഴിച്ച പരദേശവാസം നാനൂറ്റി മു | **(2002-1572)** |

| | | |
|---|---|---|
| | പ്പതു സംവത്സരമായിരുന്നു." (പുറ, 12:40). | |
| | **(1652)**<br><br>**മോശെയുടെ ജനനം:** "ആ കാലത്തു മോശെ ജനിച്ചു, ദിവ്യസുന്ദരനായിരുന്നു; അവനെ മൂന്നു മാസം അപ്പന്റെ വീട്ടിൽ പോറ്റി. പിന്നെ അവനെ പുറത്തിട്ടപ്പോൾ ഫറവോന്റെ മകൾ അവനെ എടുത്തു തന്റെ മകനായി വളർത്തി." (പ്രവൃ, 7:20-21, പുറ, 2:1-10). | |
| **(1612-1572)** | **(1612-1572)**<br><br>**മോശെയുടെ മിദ്യാന്യവാസം:** മോശെയ്ക്കു നാല്പതു വയസ്സു തികയാറായപ്പോൾ യിസ്രായേൽ മക്കളായ തന്റെ സഹോദരന്മാരെ ചെന്നു കാണേണം ..... നിന്നെ ഞങ്ങൾക്കു അധികാരിയും ന്യായകർത്താവും ആക്കിയതു ആർ? ഇന്നലെ മിസ്രയീമ്യനെ കൊന്നതുപോലെ എന്നെയും കൊല്ലുവാൻ ഭാവിക്കുന്നുവോ എന്നു പറഞ്ഞു. ഈ വാക്കു കേട്ടിട്ടു മോശെ ഓടിപ്പോയി മിദ്യാൻ ദേശത്തു ചെന്നു പാർത്തു, അവിടെ രണ്ടു പുത്രന്മാരെ ജനിപ്പിച്ചു. (പ്രവൃ, 7:27-29, പുറ, 2:11-15). | **(1612-1572)** |
| **(1572)** | **(1572)**<br><br>**മോശെ ഫറവോന്റെ മുമ്പിൽ:** "നാല്പതാണ്ടു കഴിഞ്ഞപ്പോൾ സീനായ്മലയുടെ മരുഭൂമിയിൽ ഒരു ദൈവദൂതൻ മുൾപടർപ്പിലെ അഗ്നിജ്വാലയിൽ അവന്നു പ്രത്യക്ഷനായി." (പ്രവൃ, 7:30). "അവർ ഫറവോനോടു സംസാരിച്ച കാലത്തു മോശെക്കു എൺപതു വയസ്സും അഹരോന്നു എൺപത്തുമൂന്നു വയസ്സും ആയിരു | **(1572)** |

| | | |
|---|---|---|
| | ന്നു." (പുറ, 7:7). | |
| (1572) | (1572)<br><br>**പുറപ്പാട്:** "നാനൂറ്റി മുപ്പതു സംവത്സരം കഴിഞ്ഞിട്ടു, ആ ദിവസം തന്നെ, യഹോവയുടെ ഗണങ്ങൾ ഒക്കെയും മിസ്രയീംദേശത്തുനിന്നു പുറപ്പെട്ടു." (പുറ, 12:41). | (1572) |
| (1572-1532) | (1572-1532)<br><br>**മരുഭൂവാസം:** "അങ്ങനെ യഹോവയുടെ കോപം യിസ്രായേലിന്റെ നേരെ ജ്വലിച്ചു; യഹോവെക്കു അനിഷ്ടമായുള്ളതു ചെയ്ത തലമുറ എല്ലാം മുടിഞ്ഞുപോകുവോളം അവൻ നാല്പതു സംവത്സരം അവരെ മരുഭൂമിയിൽ അലയുമാറാക്കി." (സംഖ്യാ, 32:13, പ്രവൃ, 7:36). | (1572-1532) |
| (1532) | (1532)<br><br>**മോശെയുടെ മരണം:** മോശെ മരിക്കുമ്പോൾ അവന്നു നൂറ്റിരുപതു വയസ്സായിരുന്നു. അവന്റെ കണ്ണു മങ്ങാതെയും അവന്റെ ദേഹബലം ക്ഷയിക്കാതെയും ഇരുന്നു." (ആവ, 34:7). | (1532) |
| (1532-1500) | (1532-1500)<br><br>**യോശുവയുടെ നേതൃത്വത്തിൽ കനാനിൽ:** "കനാൻദേശത്തെ ഏഴ് ജാതികളെ നശിപ്പിച്ച് അവരുടെ ദേശം ഇവർക്ക് അവകാശമായും കൊടുത്തു." (പ്രവൃ, 13:19). യിസ്രായേൽ ജനം മിസ്രയീമിൽനിന്ന് പുറപ്പെട്ടതിന്റെ രണ്ടാം വർഷമാണ് പാരാൻ മരുഭൂമിയിലുള്ള കാദേശിൽനിന്ന് കനാൻദേശം ഒറ്റുനോക്കാൻ പോ | (1532-1500) |

| | | |
|---|---|---|
| | കുന്നത്. ദേശം ഒറ്റുനോക്കാൻ പോകുമ്പോൾ യോശുവയ്ക്ക് നാല്പത് വയസ്സ് പ്രായമുണ്ട്. മുപ്പത്തെട്ടു വർഷങ്ങൾക്കുശേഷം കനാനിൽ പ്രവേശിച്ച യോശുവ നൂറ്റിപ്പത്തു വയസ്സുള്ളവനായാണ് മരിക്കുന്നത്. (സംഖ്യാ,10:11,12:16, 13:22,26, ആവ, 2:14, യോശു, 14:7, 24: 29). | |
| **(1500-1050)** | **(1500-1050)**<br><br>**ന്യായാധിപന്മാർ:** "പിന്നെ ശമുവേൽ ദീർഘദർശിവരെ, നാനൂറ്റി അൻപത് വർഷം അവർക്ക് ന്യായാധിപന്മാരെയും നല്കി." (പ്രവൃ, 13: 20 വിശുദ്ധഗ്രന്ഥം, ന്യായാ, 3:8--16:31, 1ശമൂ, 4:8, 7:15). | **(1500-1050)** |
| **(1050-1010)** | **(1050-1010)**<br><br>**ശൌലിന്റെ ഭരണം:** "അനന്തരം അവർ ഒരു രാജാവിനെ ചോദിച്ചു; ദൈവം അവർക്കു ബെന്യാമീൻ ഗോത്രക്കാരനായ കീശിന്റെ മകൻ ശൌലിനെ നാല്പതാണ്ടേക്കു കൊടുത്തു." (പ്രവൃ, 13:21, 1ശമൂ, 13:1). | **(1050-1010)** |
| **( 1010-970)** | **( 1010-970)**<br><br>**ദാവീദിന്റെ ഭരണം:** "ശൗലിനെ നീക്കീട്ടു ദാവീദിനെ അവർക്കു രാജാവായി വാഴിച്ചു: ഞാൻ യിശ്ശായിയുടെ മകനായ ദാവീദിനെ എനിക്കു ബോധിച്ച പുരുഷനായി കണ്ടു; അവൻ എന്റെ ഹിതം എല്ലാം ചെയ്യും എന്നു അവനെക്കുറിച്ചു സാക്ഷ്യം പറഞ്ഞു. പ്രവൃ, 13:22). "ദാവീദ് യിസ്രായേലിൽ വാണ കാലം നാല്പതു സംവത്സരം. അവൻ ഹെബ്രോനിൽ ഏഴു സം | **( 1010-970)** |

| | | |
|---|---|---|
| | വത്സരവും യെരൂശലേമിൽ മുപ്പത്തുമൂന്നു സംവത്സരവും വാണു." (1രാജാ, 2:11). | |
| **(970-930)** | **(970-930)**<br>**ശലോമോന്റെ ഭരണം:** "ശലോമോൻ യെരൂശലേമിൽ എല്ലാ യിസ്രായേലിനെയും വാണകാലം നാല്പതു സംവത്സരം ആയിരുന്നു." (1രാജാ, 11:42). | **(970-930)** |
| **(966-959)** | **(966-959)**<br>**ദൈവാലയ നിർമ്മാണം:** "ശലോമോന്റെ വാഴ്ചയുടെ നാലാം വർഷം ദൈവാലയത്തിന് അടിസ്ഥാനമിട്ടു, പതിനൊന്നാം വർഷം പണി പൂർത്തിയാക്കി." (1രാജാ, 6:1, 6:37). | **(966-959)** |
| | **യെഹൂദാ രാജാക്കന്മാർ** | |
| **(930-913)** | **(930-913)**<br>**രെഹബെയാമിന്റെ ഭരണം:** "ശലോമോന്റെ മകനായ രെഹബെയാം യെഹൂദയിൽ വാണു. രെഹബെയാം വാഴ്ച തുടങ്ങിയപ്പോൾ അവന്നു നാല്പത്തൊന്നു വയസ്സായിരുന്നു; യഹോവ തന്റെ നാമം സ്ഥാപിപ്പാൻ എല്ലായിസ്രായേൽ ഗോത്രങ്ങളിലും നിന്നു തിരഞ്ഞെടുത്ത നഗരമായ യെരൂശലേമിൽ അവൻ പതിനേഴു സംവത്സരം വാണു." (1രാജാ, 14:21). | **(930-913)** |
| **(913-910)** | **(913-910)**<br>**അബീയാവിന്റെ ഭരണം:** "യൊരോബെയാം രാജാവിന്റെ പതിനെട്ടാം ആണ്ടിൽ അബീയാ | **(913-910)** |

| | | |
|---|---|---|
| | വു യെഹൂദയിൽ രാജാവായി. അവൻ മൂന്നു സംവത്സരം യെരൂശലേമിൽ വാണു." (2ദിന, 13:1-2). | |
| **(910-869)** | **(910-869)**<br>**ആസായുടെ ഭരണം:** "യിസ്രായേൽരാജാവായ യൊരോബെയാമിന്റെ ഇരുപതാം ആണ്ടിൽ ആസാ യെഹൂദയിൽ രാജാവായി. അവൻ നാല്പത്തൊന്നു സംവത്സരം യെരൂശലേമിൽ വാണു;" (1രാജാ, 15:9-10). | **(910-869)** |
| **(873-848)** | **4 വർഷം സഹഭരണം (873-848)**<br>**യെഹോശാഫാത്തിന്റെ ഭരണം:** "യെഹോശാഫാത്ത് വാഴ്ച തുടങ്ങിയപ്പോൾ അവന്നു മുപ്പത്തഞ്ചു വയസ്സായിരുന്നു; അവൻ ഇരുപത്തഞ്ചു സംവത്സരം യെരൂശലേമിൽ വാണു; (1രാജാ, 22:42). | **(873-848)** |
| **(850-842)** | **2 വർഷം സഹഭരണം (850-842)**<br>**യെഹോരാമിന്റെ ഭരണം:** "യെഹോരാം വാഴ്ചതുടങ്ങിയപ്പോൾ അവന്നു മുപ്പത്തിരണ്ടു വയസ്സായിരുന്നു; അവൻ എട്ടു സംവത്സരം യെരൂശലേമിൽ വാണു." (2രാജാ, 8:1). | **(850-842)** |
| **(842-841)** | **(842-841)**<br>**അഹസ്യാവിന്റെ ഭരണം:** "അഹസ്യാവു വാഴ്ച തുടങ്ങിയപ്പോൾ അവന്നു ഇരുപത്തിരണ്ടു വയസ്സായിരുന്നു; അവൻ ഒരു സംവത്സരം യെരൂശലേമിൽ വാണു." (2രാജാ, 8:26). | **(842-841)** |

| | | |
|---|---|---|
| (841-835) | (841-835)<br><br>**അഥല്യായുടെ ഭരണം:** "അവനെ അവളോടുകൂടെ ആറു സംവത്സരം യഹോവയുടെ ആലയത്തിൽ ഒളിപ്പിച്ചിരുന്നു. എന്നാൽ അഥല്യാ ദേശം വാണു." (2രാജാ,11:3, 2ദിന, 22:12). | (841-835) |
| (835-795) | (835-795)<br><br>**യെഹോവാശിന്റെ (യോവാശ്) ഭരണം:** "യേഹൂവിന്റെ ഏഴാം ആണ്ടിൽ യെഹോവാശ് വാഴ്ചതുടങ്ങി; അവൻ യെരൂശലേമിൽ നാല്പതു സംവത്സരം വാണു." (2രാജാ, 12:1). | (835-795) |
| (795-766) | (795-766)<br><br>**അമസ്യാവിന്റെ ഭരണം:** "അമസ്യാവു വാഴ്ചതുടങ്ങിയപ്പോൾ അവന്നു ഇരുപത്തഞ്ചു വയസ്സായിരുന്നു; അവൻ യെരൂശലേമിൽ ഇരുപത്തൊമ്പതു സംവത്സരം വാണു." (2രാജാ, 14:2). | (795-766) |
| (791-739) | 25 വർഷം സഹഭരണം (791-739)<br><br>**ഉസ്സിയാവിന്റെ ഭരണം: "**ഉസ്സീയാവു വാഴ്ചതുടങ്ങിയപ്പോൾ അവന്നു പതിനാറു വയസ്സായിരുന്നു. അവൻ അമ്പത്തിരണ്ടു സംവത്സരം യെരൂശലേമിൽ വാണു**."** (2ദിന, 26:3). | (791-739) |
| (747-731) | **8 വർഷം സഹഭരണം (747-731)**<br><br>യോഥാമിന്റെ ഭരണം: "യോഥാം വാഴ്ചതുടങ്ങിയപ്പോൾ അവന്നു ഇരുപത്തഞ്ചു വയസ്സായിരുന്നു; അവൻ യെരൂശലേമിൽ പതിനാറു | (747-731) |

| | | |
|---|---|---|
| | സംവത്സരം വാണു;" (2രാജാ, 15:33). | |
| **(731-715)** | **(731-715)**<br><br>**ആഹാസിന്റെ ഭരണം: "**ആഹാസ് വാഴ്ചതുടങ്ങിയപ്പോൾ അവന്നു ഇരുപതു വയസ്സായിരുന്നു; അവൻ യെരൂശലേമിൽ പതിനാറു സംവത്സരം വാണു**," (**2രാജാ, 16:2). | **(731-715)** |
| **(722)** | **(722)**<br><br>**ശമര്യയുടെ പതനം:** "യെഹൂദാ രാജാവായ ആഹാസിന്റെ പന്ത്രണ്ടാം ആണ്ടിൽ ഏലയുടെ മകനായ ഹോശേയ യിസ്രായേലിന്നു രാജാവായി ശമർയ്യയിൽ ഒമ്പതു സംവത്സരം വാണു." (2രാജാ, 17:1). ഹോശേയയുടെ ഒമ്പതാം ആണ്ടിൽ അശ്ശൂർരാജാവു ശമർയ്യയെ പിടിച്ചു യിസ്രായേലിനെ ബദ്ധരാക്കി അശ്ശൂരിലേക്കു കൊണ്ടുപോയി, ഹലഹിലും ഗോസാൻ നദീതീരത്തിലെ ഹാബോരിലും മേദ്യരുടെ പട്ടണങ്ങളിലും പാർപ്പിച്ചു." (2രാജാ, 17:6). | **(722)** |
| **(715-686)** | **(715-686)**<br><br>**ഹിസ്കീയാവിന്റെ ഭരണം:** "ഹിസ്കീയാവു വാഴ്ച തുടങ്ങിയപ്പോൾ അവന്നു ഇരുപത്തഞ്ചു വയസ്സായിരുന്നു; അവൻ യെരൂശലേമിൽ ഇരുപത്തൊമ്പതു സംവത്സരം വാണു." (2രാജാ, 18:2). | **(715-686)** |
| **(697-642)** | **11 വർഷം സഹഭരണം (697-642)**<br><br>**മനശ്ശെയുടെ ഭരണം:** "മനശ്ശെ വാഴ്ചതുടങ്ങിയപ്പോൾ അവന്നു പന്ത്രണ്ടു വയസ്സായിരുന്നു; | **(697-642)** |

| | | |
|---|---|---|
| | അവൻ അമ്പത്തഞ്ചു സംവത്സരം യെരൂശലേമിൽ വാണു" (2രാജാ, 21:1). | |
| **(642-640)** | **(642-640)**<br><br>**ആമോന്റെ ഭരണം:** "ആമോൻ വാഴ്ചതുടങ്ങിയപ്പോൾ അവന്നു ഇരുപത്തിരണ്ടു വയസ്സായിരുന്നു; അവൻ രണ്ടു സംവത്സരം യെരൂശലേമിൽ വാണു." (2രാജാ, 21:19). | **(642-640)** |
| **(640-609)** | **(640-609)**<br><br>**യോശീയാവിന്റെ ഭരണം:** "യോശീയാവു വാഴ്ച തുടങ്ങിയപ്പോൾ അവന്നു എട്ടു വയസ്സായിരുന്നു; അവൻ മുപ്പത്തൊന്നു സംവത്സരം യെരൂശലേമിൽ വാണു." (2രാജാ, 22:1). | **(640-609)** |
| **(609)** | **(609)**<br><br>**യെഹോവാഹാസിന്റെ ഭരണം:** "യെഹോവാഹാസ് വാഴ്ചതുടങ്ങിയപ്പോൾ അവന്നു ഇരുപത്തിമൂന്നു വയസ്സായിരുന്നു; അവൻ മൂന്നു മാസം യെരൂശലേമിൽ വാണു." (2രാജാ, 23: 31). | **(609)** |
| **(609-598)** | **(609-598)**<br><br>**യെഹോയാക്കീമിന്റെ ഭരണം:** 'യെഹോയാക്കീം വാഴ്ചതുടങ്ങിയപ്പോൾ അവന്നു ഇരുപത്തഞ്ചു വയസ്സായിരുന്നു; അവൻ പതിനൊന്നു സംവത്സരം യെരൂശലേമിൽ വാണു." (2 രാജാ, 23:36). | **(609-598)** |

| | | |
|---|---|---|
| **(598-597)** | **(598-597)**<br><br>**യെഹോയാഖീന്റെ ഭരണം:** "യെഹോയാഖീൻ വാഴ്ചതുടങ്ങിയപ്പോൾ അവന്നു പതിനെട്ടു വയസ്സായിരുന്നു; അവൻ യെരൂശലേമിൽ മൂന്നുമാസം വാണു." (2രാജാ, 24:8). | **(598-597)** |
| **(597-586)** | **(597-586)**<br><br>**സിദെക്കീയാവിന്റെ ഭരണം:** "സിദെക്കീയാവു വാഴ്ചതുടങ്ങിയപ്പോൾ അവന്നു ഇരുപത്തൊന്നു വയസ്സായിരുന്നു; അവൻ പതിനൊന്നു സംവത്സരം യെരൂശലേമിൽ വാണു;" (2 രാജാ, 24:18). | **(597-586)** |
| **(586)** | **(586)**<br><br>**ദൈവാലയം നശിപ്പിക്കുന്നു:** "സിദെക്കീയാവിന്റെ വാഴ്ചയുടെ ഒമ്പതാം ആണ്ടിൽ പത്താം മാസം പത്താം തിയ്യതി ബാബേൽരാജാവായ നെബൂഖദ് നേസർ തന്റെ സർവ്വസൈന്യവുമായി യെരൂശലേമിന്റെ നേരെ വന്നു പാളയം ഇറങ്ങി; അതിന്നെതിരെ ചുറ്റും വാടകോരി. സിദെക്കീയാ രാജാവിന്റെ പതിനൊന്നാം ആണ്ടുവരെ നഗരം നിരോധിക്കപ്പെട്ടിരുന്നു. നെബുഖദ്നേസർ യഹോവയുടെ ആലയവും രാജധാനിയും ചുട്ടുകളഞ്ഞു; യെരൂശലേമിലെ എല്ലാവീടുകളും പ്രധാനഭവനങ്ങളൊക്കെയും അവൻ തീവെച്ചു ചുട്ടുകളഞ്ഞു." (2രാജാ, 25:1-2,9, 2ദിന, 36:11-20, യിരെ, 52:1-13). | **(586)** |
| **രാജഭരണം** | **രാജഭരണം അവസാനിക്കുന്നു: പ്രവാസകാലം ആരംഭിക്കുന്നു;** | **രാജഭരണം** |

| | | |
|---|---|---|
| **അവ സാനി ക്കുന്നു** | **"ഈ ദേശമൊക്കെയും ശൂന്യവും സ്തംഭന ഹേതുവും ആകും; ഈ ജാതികൾ ബാബേൽ രാജാവിനെ എഴുപതു സംവത്സരം സേവി ക്കും എന്നു യഹോവയുടെ അരുളപ്പാടു."** (യി രേ, 25:11). | **അവ സാനി ക്കുന്നു** |
| **(607 - 537)** | **(607 - 537)**<br>**ബാബേലോണ്യ അടിമത്വം: നെബുഖദ്നേസ റിന്റെ ആദ്യത്തെ ആക്രമണം മുതൽ കോരെ ശിന്റെ വിളംബരം വരെ;** "യെഹൂദാരാജാവാ യ യെഹോയാക്കീമിന്റെ വാഴ്ചയുടെ (609-598) മൂന്നാം (607) ആണ്ടിൽ ബാബേൽ രാ ജാവായ നെബൂഖദ്നേസർ യെരൂശലേമിലേ ക്കു വന്നു അതിനെ നിരോധിച്ചു." (ദാനീ, 1:1). "യിരെമ്യാമുഖാന്തരം ഉണ്ടായ യഹോവയുടെ അരുളപ്പാടു നിവൃത്തിയാകേണ്ടതിന്നു പാർ സിരാജാവായ കോരെശിന്റെ ഒന്നാം ആണ്ടി ൽ യഹോവ പാർസിരാജാവായ കോരെശി ന്റെ മനസ്സിനെ ഉണർത്തീട്ടു ........ പാർസിരാ ജാവായ കോരെശ് ഇപ്രകാരം കല്പിക്കുന്നു: ...... നിങ്ങളിൽ അവന്റെ ജനമായിട്ടു ആരെ ങ്കിലും ഉണ്ടെങ്കിൽ .... അവൻ യെഹൂദയിലെ യെരൂശലേമിലേക്കു യാത്രപുറപ്പെട്ടു യിസ്രാ യേലിന്റെ ദൈവമായ യഹോവെക്കു ആല യം പണിയട്ടെ; അവനല്ലോ യെരൂശലേമിലെ ദൈവം. (എസ്രാ 1:1, 2ദിന, 36:22). | **(607 - 537)** |
| **(537-331)** | **(537-331)**<br>**പേർഷ്യൻ അടിമത്വം:** "എഴുപതു സംവത്സരം തികയുമ്പോൾ, ഞാൻ ബാബേൽ രാജാവി നെയും ആ ജാതിയെയും കല്ദയരുടെ ദേശ | **(537-331)** |

| | | |
|---|---|---|
| | ത്തെയും അവരുടെ അകൃത്യംനിമിത്തം സന്ദ ർശിച്ചു അതിനെ ശാശ്വതശൂന്യമാക്കിത്തീർ ക്കും എന്നു യഹോവയുടെ അരുളപ്പാടു." (യി രേ, 25:12). 'ആ രാത്രിയിൽ തന്നെ കല്ദയരാ ജാവായ ബേൽശസ്സർ കൊല്ലപ്പെട്ടു. മേദ്യനാ യ ദാർയ്യാവേശ് അറുപത്തുരണ്ടു വയസ്സുള്ള വനായി രാജത്വം പ്രാപിച്ചു.' (ദാനീ,5:30-31). | |
| **(516)** | **(516)**<br><br>**സെരുബ്ബാബേലിന്റെ ദൈവാലയം:** "അങ്ങ നെ ശെയൽതീയേലിന്റെ മകനായ സെരുബ്ബാ ബേലും യോസാദാക്കിന്റെ മകനായ യേശുവ യും എഴുന്നേറ്റു യെരൂശലേമിലെ ദൈവാല യം പണിവാൻ തുടങ്ങി; ദൈവത്തിന്റെ പ്രവാ ചകന്മാർ അവരോടുകൂടെ ഇരുന്നു അവരെ സഹായിച്ചു." (എസ്രാ 5:2). "ദാർയ്യാവേശ് (ഒ ന്നാമൻ, 522-486) രാജാവിന്റെ വാഴ്ചയുടെ ആറാം ആണ്ടിൽ ആദാർമാസം മൂന്നാം തിയ്യ തി ഈ ആലയം പണിതു തീർന്നു. യിസ്രായേ ൽമക്കളും പുരോഹിതന്മാരും ലേവ്യരും ശേ ഷം പ്രവാസികളും സന്തോഷത്തോടെ ഈ ദൈവാലയത്തിന്റെ പ്രതിഷ്ഠ കഴിച്ചു." (എ സ്രാ 6:15-16). | **(516)** |
| **(331-63)** | **(331- 63)**<br><br>**യവന അടിമത്വം:** "പിന്നെ വിക്രമനായൊരു രാജാവു (അലക്സാണ്ടർ, 336-323) എഴു ന്നേല്ക്കും; അവൻ വലിയ അധികാരത്തോ ടെ വാണു ഇഷ്ടംപോലെ പ്രവർത്തിക്കും. അ വൻ നില്ക്കുമ്പോൾ തന്നേ, അവന്റെ രാജ്യം തകർന്നു, ആകാശത്തിലെ നാലു കാറ്റിലേ | **(331-63)** |

| | | |
|---|---|---|
| | ക്കും ഭേദിച്ചു പോകും; അതു അവന്റെ സന്ததിക്കല്ല അവൻ വാണിരുന്ന അധികാരംപോലയുമല്ല അവന്റെ രാജത്വം നിർമ്മൂലമായി അവർക്കല്ല അന്യർക്കും അധീനമാകും." (ദാനീ, 11:3-4). | |
| **(167)** | **(167)**<br><br>**ദൈവാലയം അശുദ്ധമാക്കുന്നു:** "അവരുടെ വംശത്തിൽപ്പെട്ട അന്തിയോക്കസ് രാജാവിന്റെ പുത്രനായി തിന്മയുടെ വേരായ അന്തിയോക്കസ് എപ്പിഫാനസ് (175-164) ജനിച്ചു. ഗ്രീക്കുസാമ്രാജ്യം സ്ഥാപിതമായതിന്റെ നൂറ്റിമുപ്പത്തേഴാം വർഷം, ഭരണമേൽക്കുന്നതിനു മുൻപ്, അവൻ റോമായിൽ തടവിലായിരുന്നു." (1മക്ക,1:10, ദാനി,11:21). 'നൂറ്റിനാല്പത്തഞ്ചാം വർഷത്തില് കിസ്ലേവ് മാസം പതിനഞ്ചാംദിവസം ദഹനബലിപീഠത്തിന്മേൽ അവർ വിനാശത്തിന്റെ മ്ലേച്ഛവസ്തു പ്രതിഷ്ഠിച്ചു. ചുറ്റുമുള്ള യൂദാനഗരങ്ങളിലും അവർ ബലിപീഠങ്ങൾ നിർമിച്ചു.' (1മക്ക,1:54, ദാ, 11:31). | **(167)** |
| **(164)** | **(164)**<br><br>**ദൈവാലയം പുനഃപ്രതിഷ്ഠ:** "യൂദാസും സഹോദരന്മാരും പറഞ്ഞു: ഇതാ, നമ്മുടെ ശത്രുക്കൾ തോല്പിക്കപ്പെട്ടിരിക്കുന്നു. നമുക്കു പോയി വിശുദ്ധസ്ഥലം വിശുദ്ധീകരിച്ചു പ്രതിഷ്ഠിക്കാം." (1മക്ക, 4:36). നൂറ്റിനാല്പത്തിയെട്ടാം വർഷം ഒൻപതാംമാസമായ കിസ്ലേവിന്റെ ഇരുപത്തഞ്ചാം ദിവസം അവർ അതിരാവിലെ ഉണർന്ന്, പുതുതായി പണിത ദഹന ബലിപീഠത്തിന്മേൽ വിധിപ്രകാരം ബലി അർപ്പി | **(164)** |

| | | |
|---|---|---|
| | ച്ചു." (1മക്ക, 4:52-53, യോഹ, 10:22). | |
| **(63 - 376 - 1453)** | **(63 - 376 - 1453)**<br><br>**റോമൻ അടിമത്വം:** "നാലാമത്തെ രാജത്വം ഇരിമ്പുപോലെ ബലമുള്ളതായിരിക്കും; ഇരിമ്പു സകലത്തെയും തകർത്തു കീഴടക്കുന്നുവല്ലോ. തകർക്കുന്ന ഇരിമ്പുപോലെ അതു അവയെ ഒക്കെയും ഇടിച്ചു തകർത്തുകളയും. കാലും കാൽ വിരലും പാതി കളിമണ്ണും പാതി ഇരുമ്പുംകൊണ്ടുള്ളതായി കണ്ടതിന്റെ താല്പര്യമോ: അതു ഒരു ഭിന്നരാജത്വം ആയിരിക്കും; എങ്കിലും ഇരിമ്പും കളിമണ്ണും ഇടകലർന്നതായി കണ്ടതുപോലെ അതിൽ ഇരിമ്പിന്നുള്ള ബലം കുറെ ഉണ്ടായിരിക്കും. കാൽവിരൽ പാതി ഇരിമ്പും പാതി കളിമണ്ണുംകൊണ്ടു ആയിരുന്നതുപോലെ രാജത്വം ഒട്ടു ബലമുള്ളതും ഒട്ടു ഉടഞ്ഞുപോകുന്നതും ആയിരിക്കും." (ദാനീ, 2:40-42). | **(63 - 376 - 1453)** |
| **(37-4)** | **(37-4)**<br><br>**ഹെരോദാവിന്റെ ഭരണം:** 'യെഹൂദ്യരാജാവായ ഹെരോദാവിന്റെ കാലത്തു' (ലൂക്കോ,1:5). | **(37-4)** |
| **(7)** | **(ബി.സി. 7)**<br><br>**യോഹന്നാൻ സ്നാപകന്റെ ജനനം:** "എലീശബെത്തിന്നു പ്രസവിപ്പാനുള്ള കാലം തികഞ്ഞപ്പോൾ അവൾ ഒരു മകനെ പ്രസവിച്ചു; കർത്താവു അവൾക്കു വലിയ കരുണ കാണിച്ചു എന്നു അയൽക്കാരും ചാർച്ചക്കാരും കേട്ടിട്ടു അവളോടുകൂടെ സന്തോഷിച്ചു." (ലൂ | **(7)** |

| | | |
|---|---|---|
| | ക്കോ, 1:57-58). | |
| **(6)** | **(ബി.സി. 6 വസന്തകാലം)**<br><br>**യേശുക്രിസ്തുവിന്റെ ജനനം:** "ഹെരോദാരാജാവിന്റെ (37-4) കാലത്തു യേശു യെഹൂദ്യയിലെ ബേത്ത്ളേഹെമിൽ ജനിച്ചശേഷം, കിഴക്കുനിന്നു വിദ്വാന്മാർ യെരൂശലേമിൽ എത്തി." (മത്താ, 2:1). | **(6)** |
| **(എ.ഡി 7 മാർച്ച് 20)** | **(എ.ഡി. 7 മാർച്ച് 20)**<br><br>**ബാലനായ യേശു ദൈവാലയത്തിൽ:** "അവന്റെ അമ്മയപ്പന്മാർ ആണ്ടുതോറും പെസഹ പെരുനാളിന്നു യെരൂശലേമിലേക്കു പോകും. അവന്നു പന്ത്രണ്ടു വയസ്സായപ്പോൾ അവർ പതിവുപോലെ പെരുനാളിന്നു പോയി. പെരുനാൾ കഴിഞ്ഞു മടങ്ങിപ്പോരുമ്പോൾ ബാലനായ യേശു യെരൂശലേമിൽ താമസിച്ചു; അമ്മയപ്പന്മാരോ അറിഞ്ഞില്ല." (ലൂക്കോ, 2:41). | **(എ.ഡി 7 മാർച്ച് 20)** |
| **(29)** | **(എ.ഡി. 29)**<br><br>**സ്നാപകന്റെ ശുശ്രൂഷ ആരംഭിക്കുന്നു:** "തിബെര്യൊസ് കൈസരുടെ (14-37) വാഴ്ചയുടെ പതിനഞ്ചാം ആണ്ടിൽ പൊന്തിയൊസ് പീലാത്തൊസ് (26-36) യെഹൂദ്യനാടു വാഴുമ്പോൾ, ഹെരോദാവു (ബി.സി. 4 -എ.ഡി. 39) ഗലീലയിലും അവന്റെ സഹോദരനായ ഫീലിപ്പൊസ് (ബി.സി. 4 - എ.ഡി. 34) ഇതുര്യത്രഖോനിത്തിദേശങ്ങളിലും ലുസാന്യാസ് (14-29) അബിലേനയിലും ഇടപ്രഭുക്കന്മാരായും ഹന്നാവും (6-15) കയ്യഫാവും (18-36) മഹാ | **(29)** |

| | | |
|---|---|---|
| | പുരോഹിതന്മാരായും ഇരിക്കും കാലം സെഖര്യാവിന്റെ മകനായ യോഹന്നാന്നു മരുഭൂമിയിൽവെച്ചു ദൈവത്തിന്റെ അരുളപ്പാടു ഉണ്ടായി. അവൻ യോർദ്ദാന്നരികെയുള്ള നാട്ടിൽ ഒക്കെയും വന്നു പാപമോചനത്തിനായുള്ള മാനസാന്തരസ്നാനം പ്രസംഗിച്ചു." (ലൂ, 3:1-3). | |
| **(29)** | **(എ.ഡി. 29)**<br><br>**യേശുവിന്റെ ശുശ്രൂഷ ആരംഭിക്കുന്നു:** "യേശു ആത്മാവിന്റെ ശക്തിയോടെ ഗലീലെക്കു മടങ്ങിച്ചെന്നു; അവന്റെ ശ്രുതി ചുറ്റുമുള്ള നാട്ടിൽ ഒക്കെയും പരന്നു. അവൻ അവരുടെ പള്ളികളിൽ ഉപദേശിച്ചു; എല്ലാവരും അവനെ പ്രശംസിച്ചു." (ലൂക്കോ, 4:14-15). | **(29)** |
| **(33)** | **(എ.ഡി. 33, ഏപ്രിൽ 3, വെള്ളി, 3 P.M)**<br><br>**യേശുവിന്റെ മരണം:** "ഏകദേശം ആറാംമണി നേരമായപ്പോൾ സൂര്യൻ ഇരുണ്ടുപോയിട്ടു ഒമ്പതാം മണിവരെ ദേശത്തു ഒക്കെയും അന്ധകാരം ഉണ്ടായി. ദൈവമന്ദിരത്തിലെ തിരശ്ശീല നടുവെ ചീന്തിപ്പോയി. യേശു അത്യുച്ചത്തിൽ "പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു" എന്നു നിലവിളിച്ചു പറഞ്ഞു; ഇതു പറഞ്ഞിട്ടു പ്രാണനെ വിട്ടു." (ലൂക്കോ, 23:44-46). | **(33)** |
| **(33)** | **(എ.ഡി. 33, ഏപ്രിൽ 5, ഞായർ അതിരാവിലെ)**<br><br>**ഉയിർത്തെഴുന്നേല്പ്:** "യേശു ഇവിടെ ഇല്ല; താൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു; | **(33)** |

| | | |
|---|---|---|
| | അവൻ കിടന്ന സ്ഥലം വന്നുകാൺമിൻ അവൻ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തെഴുന്നേറ്റു എന്നു വേഗം ചെന്നു അവന്റെ ശിഷ്യന്മാരോടു പറവിൻ; അവൻ നിങ്ങൾക്കു മുമ്പെ ഗലീലെക്കു പോകുന്നു; അവിടെ നിങ്ങൾ അവനെ കാണും; ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു എന്നു പറഞ്ഞു." (മ, 28:6-7). | |
| **(33)** | **(എ.ഡി. 33, മെയ് 14, വ്യാഴം)**<br><br>**സ്വർഗ്ഗാരോഹണം:** "ഒരുമിച്ചു കൂടിയിരുന്നപ്പോൾ അവർ അവനോടു: കർത്താവേ, നീ യിസ്രായേലിന്നു ഈ കാലത്തിലോ രാജ്യം യഥാസ്ഥാനത്താക്കി കൊടുക്കുന്നതു എന്നു ചോദിച്ചു. അവൻ അവരോടു: പിതാവു തന്റെ സ്വന്ത അധികാരത്തിൽ വെച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളേയോ അറിയുന്നതു നിങ്ങൾക്കുള്ളതല്ല. എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു. ഇങ്ങനെ കർത്താവായ യേശു അവരോടു അരുളിച്ചെയ്തശേഷം സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു. ദൈവത്തിന്റെ വലത്തുഭാഗത്തു ഇരുന്നു." (പ്രവൃ, 1:6-8, മർക്കൊ, 16:19). | **(33)** |
| **(33)** | **(എ.ഡി. 33, മെയ് 24, ഞായർ 9 A.M)**<br><br>**ദൈവസഭാസ്ഥാപനം:** "പെന്തെക്കൊസ്തു നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു കൊടിയ കാ | **(33)** |

| | | |
|---|---|---|
| | റ്റടിക്കുന്നതുപോലെ ആകാശത്തനിന്നു ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറെച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി." (പ്രവൃ, 2:1-4). | |

ബൈബിളുമായി ഒത്തുനോക്കി ഉറപ്പുവരുത്തിയ ശേഷം മാത്രം വിശ്വസിക്കുവാൻ ദൈവമായ കർത്താവ് എല്ലാവർക്കും കൃപ ചെയ്യട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്;

20/06/2019
ഫോർട്ട്കൊച്ചി